പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2439 — 18.07.2011 ൽ മറുപടിക്ക്

## മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സ്വാഭാവിക മരണാനന്തര സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) | |
| (എ) | മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അംഗങ്ങളുടെ സ്വാഭാവിക മരണാനന്തര സഹായം നൽകുന്നത് എത്ര രൂപയാണ്; എന്നു മുതലാണ് ഈ തുക നൽകി വരുന്നത്; ഈ തുക 50,000 രൂപയായി വർദ്ധിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ; | (എ) | സ്വാഭാവിക മരണാനന്തര ധനസഹായമായി നൽകുന്നത് 25,000/- രൂപയാണ്. 19/06/2000 മുതലാണ് ഇതു നൽകി വരുന്നത്. സ്വാഭാവിക മരണാനന്തര ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിൽ ഉണ്ട്. |
| (ബി) | മറ്റെല്ലാ ക്ഷേമനിധികളിലും റിട്ടയർമെന്റ് ആനുകൂല്യം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ റിട്ടയർമെന്റ് ആനുകൂല്യം പ്രഖ്യാപിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ റിട്ടയർമെന്റ് ആനുകൂല്യം നിലവിലില്ലാണ്. |
| (സി) | ഇപ്പോൾ ക്ഷേമനിധിയിലേക്ക് തുക ഈടാക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (സി) | കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ആക്ട് ഭേദഗതി ചെയ്യുകയും ഈ ഭേദഗതി പ്രകാരം മോട്ടോർ വ്യവസായ സ്ഥാപനങ്ങളുടെ വാഹന നികുതി അടയ്ക്കണമെങ്കിൽ അവയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ പേരിൽ ക്ഷേമനിധി വിഹിതം, തൊഴിൽ ഉടമ ഒടുക്കിയതിന്റെ രസീത് ഹാജരാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുകയും ഉണ്ടായി. ഇപ്പോൾ കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് തുക ഈടാക്കുന്നതിന് ഈ സംവിധാനം ആണ് ഏർപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഏത് വർഷം കൂടുമ്പോഴാണ് ക്ഷേമനിധിയിലേക്ക് ഈ തുക വന്നു ചേരുന്നത്; | (ഡി) | വാഹന നികുതി അടയ്ക്കുന്നതിനു തൊട്ട് മുമ്പുള്ള മാസം വരെയുള്ള തൊഴിലുടമയുടെ അംശാദായം അടയ്ക്കണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ 2005-ൽ വരുത്തിയ ഈ ഭേദഗതിക്കെതിരെ തൊഴിൽ ഉടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും സ്റ്റേ സമ്പാദിക്കുകയും ചെയ്തതിനെ തുടർന്ന് ഒന്നര വർഷത്തോളം ക്ഷേമനിധി തുക സമാഹരിക്കുവാൻ കഴിയാതെ വന്നു. സ്റ്റേ പിൻവലിച്ച 2007 ജൂലൈ മാസത്തിന് ശേഷം സർക്കാർ ഉത്തരവ് പ്രകാരം ടി ഒന്നര വർഷത്തെ കുടിശ്ശിക വലിയ വാഹനങ്ങൾ ത്രൈമാസ നികുതിയും ചെറിയ വാഹനങ്ങൾ വാർഷിക നികുതിയും അടയ്ക്കുമ്പോൾ തൊട്ടു മുൻപുള്ള മാസം വരെയുള്ള അംശാദായം അടയ്ക്കുന്നതോടൊപ്പം തന്നെ ഒരു മാസത്തെ കുടിശ്ശികയും കൂടി അടയ്ക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. ഇത്തരത്തിലാണ് ഇപ്പോൾ ക്ഷേമനിധിയിലേയ്ക്ക് തുക വന്നു ചേരുന്നത്. |
| (ഇ) | പുതിയ വാഹനങ്ങൾക്ക് 5 വർഷത്തെ ടാക്സ് ഒരുമിച്ചടയ്ക്കുന്നതുമൂലം ക്ഷേമനിധികളിൽ വർഷം തോറുമുള്ള കണക്ക് പരിശോധന നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) | ഉണ്ട്. |
| (എഫ്) | എങ്കിൽ ക്ഷേമനിധി വിഹിതം വർഷംതോറും അടയ്ക്കുന്നതിനും, അത് പരിശോധിക്കുന്നതിനും ഉറപ്പു വരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എഫ്) | ടാക്സ് അടയ്ക്കുന്നതിന് മുമ്പായി ക്ഷേമനിധി അടയ്ക്കണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ 15 വർഷത്തെ ടാക്സ് ഒരുമിച്ച് അടയ്ക്കുമ്പോൾ ക്ഷേമനിധി സമാഹരണത്തിന് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ